**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4489** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിന് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകുന്നതിന് പ്രത്യേക പദ്ധതി നിലവിലുണ്ടോ; വായ്പ നൽകുന്നതിനുള്ള മാനദണ്ഡങ്ങളും പദ്ധതിയുടെ വിശദാംശങ്ങളും നൽകാമോ; | (എ) | (1) സ്വയം തൊഴിൽ സബ്സിഡിപദ്ധതി വ്യക്തിഗതം:- ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി വായ്പയെടുക്കുന്ന ഗുണഭോക്താവിന്റെ 3 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് 1/3 തുക സബ്സിഡിയായി നൽകുന്നു. മാനദണ്ഡങ്ങൾ 1. വിദ്യാഭ്യാസ യോഗ്യത ഏഴാം ക്ലാസ്സ് 2. പ്രായപരിധി 18 നും 50 വയസ്സിനും മധ്യേയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾ 3. വരുമാന പരിധി ബാധകമല്ല.<br>(2) ഗ്രൂപ്പുകൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതി :- പട്ടികജാതി വിഭാഗത്തിൽപ്പെട്ട പത്തോ അതിലധികമോ അംഗങ്ങൾ ഉള്ള സ്വയം സഹായ സംഘങ്ങൾ, 80% മോ അതിന് മുകളിലോ പട്ടികജാതി വനിതകൾ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾ എന്നിവർക്ക് വ്യക്തമായ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ പരമാവധി 15 ലക്ഷം രൂപവരെ മുതൽ മുടക്കുള്ള പ്രോജക്ടുകൾക്ക് 75% തുക (പരമാവധി 10 ലക്ഷം രൂപ വരെ) ജില്ലാ തലത്തിൽ പ്രോജക്ടുമായി ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ച് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്നു. മാനദണ്ഡങ്ങൾ:- 1. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പത്തോ അതിലധികമോ വ്യക്തികൾ അംഗങ്ങൾ ആയിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കും. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന സ്വാശ്രയ സംഘങ്ങൾ 3 മാസ കാലാവധിക്കുള്ളിൽ ജില്ലാ രജിസ്ട്രാർ ഓഫീസിൽ കുടുംബശ്രീയിൽ രജിസ്ട്രേഷൻ നടത്തി തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. 2. 80% മോ അതിന് മുകളിലോ പട്ടികജാതിക്കാർ അംഗങ്ങളായുള്ള വനിതാ |

സ്വാശ്രയ സംഘങ്ങൾക്ക് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകും. പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന പത്തോ അതിലധികമോ വ്യക്തികൾ അംഗങ്ങൾ ആയുള്ള സ്വയം സഹായ സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നു. പരമാവധി 15 ലക്ഷം രൂപവരെ മുതൽ മുടക്കുള്ള പ്രോജക്ടുകളാണ് ഈ പദ്ധതിക്കായി പരിഗണിക്കുന്നത്. 3. അംഗീകരിക്കപ്പെടുന്ന പ്രോജക്ടുകളുടെ സബ്സിഡി തുക (പരമാവധി 10 ലക്ഷം രൂപവരെ) 2 ഗഡുക്കളായി ബന്ധപ്പെട്ട സ്വയം സഹായ സംഘങ്ങൾക്ക് ബാങ്ക് അക്കൗണ്ടിലൂടെ അനുവദിച്ച നൽകുന്നു. 4. അംഗീകരിക്കപ്പെടുന്ന പ്രോജക്ടുകളുടെ മുതൽമുടക്കിന്റെ 25% വരുന്ന തുക ഗുണഭോക്താക്കൾ സ്വന്തം നിലയിൽ കണ്ടെത്തുകയോ ബാങ്ക് ലോൺ മുഖേന സ്വരൂപിക്കുകയോ ചെയ്യേണ്ടതാണ്. 5. ജില്ലാതലത്തിൽ പ്രോജക്ടുമായി ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ച് സമർപ്പിക്കുന്ന പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാ നത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ / അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ നൽകുന്ന ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രോജക്ടുകൾ പരിഗണിക്കുന്നത്. ടി പ്രോജക്ട് പട്ടികജാതി ജനവിഭാഗങ്ങൾക്ക് എപ്രകാരം പ്രയോജന പ്രദമാകുമെന്നും, ടി പ്രോജക്ടിന്റെ വിജയ സാധ്യതയും മേൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിൽ നിർബന്ധമായും ഉൾക്കൊള്ളിച്ചിരിക്കേണ്ടതാണ്. 6. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ അനുമതി പത്രങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ / വകുപ്പുകളിൽ നിന്ന് ഗുണഭോക്താക്കൾ തന്നെ ലഭ്യമാക്കേണ്ടതാണ്. 7. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഓഫീസ് / കെട്ടിട സൗകര്യം സ്വന്തം നിലയിലോ വാടകയ്ക്കോ ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. 8. 5 ലക്ഷം രൂപവരെ മുതൽമുടക്കുള്ള പ്രോജക്ടുകൾക്കുള്ള ധനസഹായം ഒറ്റതവണയായും അതിന് മുകളിൽവരുന്ന പ്രോജക്ടുകൾക്കുള്ള ധനസഹായം 2 ഗഡുക്കളായും ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നതാണ്. ഇതിൽ ആദ്യഗഡു പരമാവധി 5 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നടപ്പ സാമ്പത്തിക വർഷവും അവശേഷിക്കുന്ന തുക പുരോഗതി വിലയിരുത്തിയ ശേഷവും നൽകുന്നതാണ്. 9. സ്വാശ്രയ സംഘം രൂപീകരിച്ച്

| | | | |
|---|---|---|---|
| | | | ഏറ്റവും കുറഞ്ഞത് 1 വർഷത്തെ പ്രവർത്തന പരിചയം ഉള്ള സ്വാശ്രയ സംഘങ്ങളുടെ പ്രോജക്ടുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. 10. പദ്ധതിയ്ക്ക് അംഗീകാരം നൽകി കഴിഞ്ഞാൽ പരമാവധി 3 മാസത്തിനകം പ്രവർത്തനം ആരംഭിക്കേണ്ടതാണ്. സ്വാശ്രയ സംഘങ്ങൾ ഇതിനായി പട്ടികജാതി വികസന ഓഫീസറുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. 11. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തനം ആരംഭിക്കാത്ത സ്വാശ്രയ സംഘങ്ങൾക്ക് നൽകിയ ധനസഹായം ബന്ധപ്പെട്ടവരിൽ നിന്നും ഉടൻ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രോജക്ടിന്റെ 25% തുക ബാങ്ക് ലോൺ ആയി ലഭിച്ചിട്ടുണ്ട് എന്ന കാര്യം വകുപ്പ് തലത്തിൽ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു. 12. സ്വാശ്രയ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സാധന സാമഗ്രികൾക്കായുള്ള വിപണി സംഘങ്ങൾ സ്വന്തം നിലയിൽ കണ്ടെത്തേണ്ടതാണ്. 13. നടപ്പുവർഷം പരമാവധി 100 സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതാണ്. (3) സ്റ്റാർട്ട്അപ്പ് ഡ്രീംസ് പദ്ധതി:- പട്ടികജാതി / പട്ടികവർഗ്ഗ / പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ സംരംഭകത്വ വികസനത്തിനായി വകുപ്പിന്റെ പദ്ധതിയായ സ്റ്റാർട്ട്അപ്പ് ഡ്രീംസ് പദ്ധതി കേരള സ്റ്റാർട്ട്അപ്പ് മിഷൻ മുഖേന നടപ്പാക്കുന്നു. ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു. 1. നാമമാത്രമായ ചെലവിൽ വേഗതയുള്ള ഇന്റർനെറ്റ് സൗകര്യം ഉൾപ്പെടെ നിലവാരമുള്ള ഓഫീസ് സൗകര്യം മണ്ണന്തല അംബേദ്കർ ഭവനിൽ തയ്യാറാക്കിയ ഇങ്കുബേറ്ററിൽ ലഭ്യമാകും. 2. പ്രത്യേകമായി തയ്യാറാക്കിയ ഇങ്കുബേഷൻ പരിപാടിയിലൂടെ മെന്ററിംഗ് ഉൾപ്പെടെയുള്ള സഹായങ്ങൾ 3. പട്ടികജാതി വിഭാഗത്തിലുള്ള സംരംഭങ്ങൾക്ക് പലിശരഹിത സീഡ് ഫണ്ട്. 4. ഉൽപ്പന്നം, വിപണനം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനങ്ങൾ ഉൾപ്പെടെ മികച്ച ഉൽപ്പന്നം വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം, വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് ലഭ്യമാണ്. 5. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ്ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗത്തിൽ ഉള്ളവർക്ക് ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്. |
| (ബി) | വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും വായ്പ നൽകുന്നതിന് വ്യവസ്ഥയുണ്ടോ; സബ്സിഡി നൽകുന്നതിന്റെ | (ബി) | ഉണ്ട്. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പുമുഖേന 1 ലക്ഷം |

| | | | |
|---|---|---|---|
| | വിശദാംശങ്ങൾ നൽകാമോ; | | രൂപവരെ സബ്സിഡിയായി വ്യക്തിഗതയിനത്തിൽ നൽകുന്നു. സ്വയംതൊഴിൽ സഹായ സംഘങ്ങൾക്ക് (ഗ്രൂപ്പുകൾക്ക്) 10 ലക്ഷം രൂപവരെയും (പ്രോജക്ട് കോസ്റ്റിന്റെ 75%) പ്രോജക്ടുകൾ വിലയിരുത്തിയ ശേഷം സബ്സിഡിയായി ബാങ്ക് ലോൺ അനുവദിക്കുന്നുണ്ട്. തുക ഫലപ്രദമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തിയ ശേഷമാണ് മൂന്നിലൊന്ന് സബ്സിഡിയായി നൽകുന്നത്. |
| (സി) | വായ്പാ തുക വിനിയോഗം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | 5 ലക്ഷം രൂപവരെ മുതൽമുടക്കുള്ള പ്രോജക്ടുകൾക്ക് ധനസഹായം ഒറ്റതവണയായും അതിനു മുകളിലുള്ള പ്രോജക്ടുകൾക്ക് 2 ഗഡുക്കളായും ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നു. ഒന്നാം ഘട്ടത്തിൽ നൽകിയ തുക ഫലപ്രദമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തിയശേഷമാണ് രണ്ടാം ഘട്ട തുക നൽകുന്നത്. |

സെക്ഷൻ ഓഫീസർ